## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **16-03-2022 - ൽ മറുപടിയ്ക്ക്**

## അവയവമാറ്റ ശസ്ത്രക്രിയകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികൾ അവയവമാറ്റ ശസ്ത്രക്രിയകൾക്കായി ഫീസിനത്തിൽ വൻതുകകൾ ഈടാക്കുന്ന സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ഇടപെടലിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ; | (എ) | സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 5 ലക്ഷം രൂപ വരെ വൃക്ക/ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നൽകിവരുന്നുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസം പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരുലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞു 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. ശസ്ത്രക്രിയ നടത്തി ആറുമാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്താനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മന്ത്രിസഭാ തീരുമാനത്തിന്റെ വിശദാംശം നൽകുമോ; | (ബി) | കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയതിനെത്തുടർന്ന് സർക്കാർ മേഖലയിലെ ആദ്യത്തെ ലൈവ് ഡോണർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 2022 ഫെബ്രുവരി 14 ന് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ സർക്കാർ മേഖലയിലെ നിർണായക ചുവടുവയ്പായിരുന്നു. 16.02.2022 ൽ കൂടിയ യോഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കുകയും ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി വരുകയാണ്. ഇതിന്റെ പുരോഗതി 24.02.2022 ന് ചേർന്ന യോഗം വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന വിഷയത്തിൽ മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടില്ല. |
| (സി) | കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ട്രാൻസ്പ്ളാന്റ് യൂണിറ്റും അത്യാധുനിക ഉപകരണങ്ങളും സജ്ജമാക്കുന്നത് ഏതെല്ലാം മെഡിക്കൽകോളേജ് ആശുപത്രികളിലാണെന്ന് അറിയിക്കാമോ? | (സി) | കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയതിനെത്തുടർന്ന് സർക്കാർ മേഖലയിലെ ആദ്യത്തെ ലൈവ് ഡോണർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 2022 ഫെബ്രുവരി 14 ന വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ സർക്കാർ മേഖലയിലെ നിർണായക ചുവടുവയ്പായിരുന്നു. 16.02.2022 ൽ കൂടിയ യോഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കുകയും ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി വരുകയാണ്. ഇതിന്റെ പുരോഗതി 24.02.2022 ന് ചേർന്ന യോഗം വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന വിഷയത്തിൽ മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ